# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3001 — 11/12/2014 ൽ മറുപടിക്ക്

## സ്കൂളുകളിൽ ഭാഷാധ്യാപകർക്ക് കായികാദ്ധ്യാപകരുടെ ജോലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഭാഷാധ്യാപകർക്ക് ഏതാനും ദിവസം പ്രത്യേക പരിശീലനം നൽകി സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ ജോലി ചെയ്യിക്കാനും കായികാദ്ധ്യാപകരെ ക്രമേണ സ്കൂളിൽ നിന്നും ഒഴിവാക്കാനും സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) | ഇല്ല. ഗവ.കത്ത് നം.44373/ഡി2/2014/പൊ.വി.വ തീയതി 05.08.2014 പ്രകാരം അധ്യാപക് ബാങ്കിലേക്ക് മാറ്റുന്ന അധ്യാപകരെ പാർട് ടൈം കായിക ഇൻസ്ട്രക്ടർമാരായി എസ്.എസ്.എയിൽ നിന്ന് ശമ്പളം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). ഈ നിർദ്ദേശം നടപ്പിലാക്കേണ്ടതില്ല എന്ന് പിന്നീട് തീരുമാനിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു) |
| (ബി) | കായിക രംഗത്ത് മെച്ചപ്പെട്ട സംഭാവനകൾ തരാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും നല്ലൊരു കായിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനും ഭാഷാധ്യാപകർക്ക് ഏതാനും ദിവസം പരിശീലനം നൽകിയതിനുശേഷം കായിക രംഗം അവരെ ഏല്പിക്കുന്നതിലൂടെ സാധ്യമാകുമെന്ന് ഈ സർക്കാർ കരുതുന്നുണ്ടോ; | (ബി) | വിദഗ്ധ പരിശീലനം ലഭിച്ച അധ്യാപകരെയാണ് ഇക്കാര്യത്തിനു നിയോഗിക്കേണ്ടതെന്നാണ് സർക്കാർ കരുതുന്നത്. |
| സി) | മറ്റ് വിഷയങ്ങളുടെ കാര്യത്തിലും ഇപ്രകാരമുള്ള താല്ക്കാലിക പരിശീലനത്തിലൂടെ അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയാമോ? | സി) | നിലവിൽ ഇല്ല |

സെക്ഷൻ ഓഫീസർ